(ബി ആൻറ് സി) ഉണ്ട്. വൈദ്യുതി തൂണുകളുടെ ദൗർലഭ്യവും ബോർഡിൻെറ സാമ്പത്തിക ഭദ്രതയും കണക്കിലെടുത്ത് പുതിയ ലൈൻ പിടിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പരിപാടി തൽക്കാലം നിറുത്തിവച്ചിരിക്കുകയാണ്. എന്നാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മിനിമം ഗ്യാരണ്ടി വച്ചാൽ അതിൻെറ അടിസ്ഥാനത്തിൽ പുതിയ ലൈൻ പിടിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

ഗൾഫ് നാടുകളിൽ ജോലിയുള്ള കേരളീയരുടെ ധനനിക്ഷേപം

916 [1688] ശ്രീ. എം. വി. രാഘവൻ:

,, പി. പി. എസ്തോസ്:

,, വി. വി. ജോസഫ് (കുണ്ടറ):

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:

,, വി. പി. ദക്ഷിണാമൂർത്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് നാടുകളിൽ ജോലിയുള്ള കേരളീയരുടെ ധനനിക്ഷേപം വർദ്ധിപ്പിക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ നിക്ഷേപിക്കുന്ന തുകകൾ എന്തിനുവേണ്ടി വിനിയോഗിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഗൾഫ് രാജ്യങ്ങളിൽനിന്നും കേരളത്തിലേക്ക് അയക്കുന്ന പണം സ്വരൂപിച്ച് കേരളത്തിൻെറ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ഒരു "നോൺ ബാങ്കിംഗ് ഫൈനാൻസി—ട്രസ്റ്റ്" സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി റിസർവ് ബാങ്കിനും കേന്ദ്രഗവൺമെൻറിനും അയച്ചു കൊടുത്തിരുന്നു. ആയതിന് റിസർവ് ബാങ്കിൽ നിന്നും അംഗീകാരം ലഭിച്ചില്ല.

(ബി) (സി) ചോദ്യം ഉദിക്കുന്നില്ല.

പെൻഷൻ വർദ്ധനവ്

917 [1689] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-1964-നു മുൻപ് പെൻഷൻ പറ്റിയ ആളുകളുടെ കുടുംബങ്ങൾക്കുകൂടി കുടുംബ പെൻഷൻ അനുവദിക്കുന്നതിന് കൂടുതലായി എന്തു തുക വേണ്ടി വരും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-4-1979-നുശേഷം പെൻഷൻ പററിയ ആളുകൾക്ക് പെൻഷൻ നൽകുന്ന അതേ നിരക്കിൽ അതിനു മുൻപ് പെൻഷൻ പററിയ ആളുകൾക്കും പെൻഷൻ നൽകുന്നതിന് എന്തു തുക അധികമായി വേണ്ടി വരും;

(സി) കാലം കഴിയുന്തോറും ക്രമേണ കുറഞ്ഞു വരുന്ന ചെലവ് എന്നതു പരിഗണിച്ചു മുകളിൽപ്പറഞ്ഞ രണ്ടാവശ്യങ്ങൾ അനുവദിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തിൽ എത്ര ആളുകൾക്കാണ് ഇപ്പോൾ മിനിമം പെൻഷൻ നൽകി വരുന്നത്;

(ഇ) വർദ്ധിച്ചു വരുന്ന ജീവിതച്ചെലവ് പരിഗണിച്ചു മിനിമം പെൻഷൻ വർദ്ധിപ്പിക്കാൻ ദയവുണ്ടാകുമോ;

(എഫ്) 1-10-1977-നു മുൻപ് പെൻഷൻ പററിയ ആളുകളുടെ ഗ്രാറുവിറിയിൽനിന്നും കുടുംബ പെൻഷൻ നൽകുന്നതിനുവേണ്ടി വസൂലാക്കിയ തുക അവർക്ക് തിരിച്ചു നൽകുമോ;

(ജി) പെൻഷൻ കമ്മ്യൂട്ട് ചെയ്യുന്നവർക്ക് കമ്മ്യൂട്ടേഷന്റെ കാലാവധി കഴിഞ്ഞാൽ മുഴുവൻ പെൻഷൻ തുകയും അനുവദിച്ചു കൊടുക്കുന്ന നയം ഇൻഡ്യയിലെ മറേതെങ്കിലും സംസ്ഥാനം സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ആ പദ്ധതി 1970-നു മുൻപ് കുറഞ്ഞ പെൻഷൻ വാങ്ങിച്ച ആളുകൾക്കെങ്കിലും നടപ്പാക്കുമോ?

ഉത്തരം

(എ) കണക്കാക്കാൻ പ്രയാസമാണ്.

(ബി) കണക്കാക്കാൻ പ്രയാസ്മാണ്.

(സി) ഒന്നാമത്തെ ആവശ്യം പരിശോധിക്കുന്നുണ്ട്. രണ്ടാമത്തെ ആവശ്യം അനുവദിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

(ഇ) കാലാകാലങ്ങളിൽ ക്ഷാമബത്തയിൽ അനുവദിച്ചുകൊണ്ടിരിക്കുന്ന വർദ്ധനവു പ്രകാരം മിനിമം പെൻഷനും വർദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതിനുപരിയായി മിനിമം പെൻഷൻ വർദ്ധിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(എഫ്) ഉദ്ദേശിക്കുന്നില്ല.

(ജി) ഉണ്ട്.

(എച്ച്) പരിശോധിക്കുന്നുണ്ട്.

സി. കെ. മൂസദിനു് ഗ്രാറ്റുവിറി, പ്രോവിഡൻറ് ഫണ്ട് മുതലായവ ലഭിക്കാൻ നടപടി

918 [1690] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly